(സി) പരമ്പരാഗത ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിന് മുൻഗണന നൽകുന്നുണ്ട്. മണ്ണ് ജലസംരക്ഷണ പ്രവൃത്തികൾ എന്നതിലുൾപ്പെടുത്തി കളങ്ങൾ വൃത്തിയാക്കൽ, ചെളിയെടുക്കൽ, ആഴംകൂട്ടൽ എന്നിവയുൾപ്പെടെയുള്ള പ്രവൃത്തികൾ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾ പദ്ധതികൾ തയ്യാറാക്കിവരുന്നുണ്ട്.

(ഡി) ഇത്തരത്തിൽ ഒരു പ്രാദേശിക ജലനയം തദ്ദേശസ്വയംഭരണ വകുപ്പ് രൂപീകരിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തുകളിൽ ബ്രോഡ്ബാൻഡ് കണക്ടിവിറ്റി

254 (3234) ശ്രീ. പി. സി. ജോർജ് :
ഡോ. എൻ. ജയരാജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഗ്രാമപഞ്ചായത്തുകളിൽ ബ്രോഡ്ബ്രാൻഡ് കണക്ടിവിറ്റി ലഭ്യമാക്കുന്നതിന് എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്, വ്യക്തമാക്കുമോ ?

ഉത്തരം

കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്ത് കാര്യാലയങ്ങളിലും (മലപ്പുറം ജില്ലയിലെ ചീക്കോട് ഗ്രാമപഞ്ചായത്ത് ഒഴികെ) Broadband/VPN കണക്ഷനുകൾ ലഭ്യമാണ്. കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളെയും optical fibre വഴി ബന്ധിപ്പിക്കുന്ന National Optical Fibre Network (NOFN) എന്ന പദ്ധതി BBNL (Bharat Broadband Network Ltd.) മുഖാന്തരം പൂർത്തീകരിച്ചുവരുന്നു. ഈ പദ്ധതി പൂർത്തിയായാൽ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഹൈസ്പീഡ് ഇന്റർനെറ്റ് സംവിധാനം ലഭ്യമാകുന്ന തരത്തിലുള്ള സൗകര്യങ്ങൾ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്.

ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരുടെ നിയമനം

255 (T* 3235) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 25-8-2011-ലെ ആലപ്പുഴ ജില്ലാപഞ്ചായത്ത് യോഗം, 1997 മുതൽ ആലപ്പുഴ ജില്ലപഞ്ചായത്ത് ഓഫീസിൽ വിവിധ തസ്തികളിൽ ജോലി നോക്കി വന്നിരുന്ന ശ്രീ. വി. സുരേഷ്, ശ്രീമതി ഇ. വി. ദീപ്തി, ശ്രീ. ആർ. എം. സാബു എന്നിവരെ സ്ഥിരപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്ന വിശദമായ പ്രൊപ്പോസൽ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ ;

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly